VII. റിപ്പോർട്ട് സമർപ്പണം

സ്ത്രീകളുടേയും കുട്ടികളുടേയും വികലാംഗരുടേയും ക്ഷേമം സംബന്ധിച്ച സമിതിയുടെ പന്ത്രണ്ടും പതിമൂന്നും റിപ്പോർട്ടുകൾ

ശ്രീമതി സാവിത്രി ലക്ഷ്മണൻ: സ്ത്രീകളുടേയും കുട്ടികളുടേയും വികലാംഗരുടേയും ക്ഷേമം സംബന്ധിച്ച സമിതിയുടെ അദ്ധ്യക്ഷയായ ഞാൻ സമിതിയുടെ പന്ത്രണ്ടും പതിമൂന്നും റിപ്പോർട്ടുകൾ സമർപ്പിക്കുന്നു.

VIII. ക്രമപ്രശ്നം

ചോദ്യങ്ങൾക്ക് മറുപടി നൽകാത്തതു സംബന്ധിച്ച്

ശ്രീ. എം. വി. ജയരാജൻ: സർ, നിയമസഭയിൽ ചോദിക്കുന്ന ചോദ്യങ്ങളും അടിയന്തിര ചോദ്യങ്ങളും അതിന്റെ മറുപടിയും സംബന്ധിച്ച് വ്യക്തമായ ചട്ടങ്ങളുടെ ലംഘനം ഇവിടെ തുടർച്ചയായി നടന്നുകൊണ്ടിരിക്കുകയാണ്. നിയമസഭാ ചട്ടം 29 പ്രകാരം ചോദ്യം അനുവദിച്ചത് സംബന്ധിച്ച് മന്ത്രിമാർക്കുള്ളത് 12 ദിവസത്തെ നോട്ടീസ് ആണ്. മന്ത്രിമാർക്ക് ചോദ്യം കിട്ടിയിട്ട് അതിന് ഉത്തരം തയ്യാറാക്കി കൊടുക്കുന്നതിന് കൃത്യമായി എട്ട് ദിവസമെങ്കിലും കിട്ടുന്നുണ്ട്. ഇന്നത്തെ മാത്രം ഉദാഹരണം പറയാം. 11-8-2005-ന് അൺസ്റ്റാർഡ് ചോദ്യം പ്രിന്റ് ചെയ്തു വന്നതുപ്രകാരം 121 ചോദ്യങ്ങളുണ്ട്. ആ 121 ചോദ്യങ്ങളിൽ 74 ചോദ്യവും പ്രതിപക്ഷത്തിന്റേതാണ്. ഉത്തരം കിട്ടിയത് 14 എണ്ണത്തിനു മാത്രമാണ്. 14 എണ്ണത്തിൽ ഏഴെണ്ണത്തിനും പ്രതിപക്ഷത്തിന്റെ ചോദ്യത്തിനാണ് ഉത്തരം കിട്ടിയത്. 121 ചോദ്യങ്ങളിൽ 50 ചോദ്യവും വൈദ്യുതി വകുപ്പുമായി ബന്ധപ്പെട്ടതാണ്. ചില ചോദ്യങ്ങൾക്ക് അഡ്മിനിസ്ട്രേറ്റീവ് ഡിപ്പാർട്ടുമെന്റിലോ ഏതെങ്കിലും ജില്ലാ ആഫീസിലോ പോയി മറുപടി ശേഖരിക്കേണ്ട കാര്യമില്ല; സെക്രട്ടേറിയറ്റിൽനിന്നുതന്നെ ഉത്തരം ലഭിക്കുന്നതാണ്. സെക്രട്ടേറിയറ്റിലെ മന്ത്രിയുടെ ആഫീസിൽ നിന്നും തയ്യാറാക്കാവുന്ന അത്രയും വിവരം മാത്രം തരേണ്ടുന്ന ചോദ്യങ്ങൾക്കുപോലും ഇവിടെ മറുപടി തരുന്നില്ല എന്ന് പറഞ്ഞാൽ ചോദ്യം ചോദിക്കുന്നതിൽ എന്ത് അർത്ഥമാണുള്ളത്? ചോദ്യങ്ങളുടെ എണ്ണം തന്നെ പരിമിതപ്പെടുത്തി. ഇങ്ങനെ പരിമിതപ്പെട്ട രീതിയിൽ ചോദ്യങ്ങൾ ചോദിച്ചാൽ അതിന് ഉത്തരം തരുന്നില്ലെങ്കിൽ പിന്നെ എങ്ങനെ ഈ നിയമസഭാ പ്രവർത്തനം മുന്നോട്ടുകൊണ്ടുപോകും? ഇത് അതിവ ഗൗരവമുള്ള കാര്യമാണ്. കോൺഫിഡൻഷ്യലായി ഇവിടെ കിട്ടിയ സി. ആന്റ് എ.ജി.യുടെ റിപ്പോർട്ട് ചോർത്തിക്കൊടുക്കാൻ അവർക്ക് എത്ര എളുപ്പം കഴിഞ്ഞു? നിയമസഭയോട് ഉത്തരവാദിത്തമുള്ള മന്ത്രിമാർ മറുപടി നൽകേണ്ടത് കൃത്യമായി ശേഖരിച്ച് വരുന്നില്ല.

GPM.2/610/2012—17

LIBRARY ARCHIVES Kerala Legislative Assembly

കോൺഫിഡൻഷ്യലായി കിട്ടുന്ന കാര്യങ്ങൾ ചോർത്തിക്കൊടുക്കാൻ കാണിക്കുന്ന ആ പ്രത്യേകമായ കഴിവെങ്കിലും കാണിക്കണ്ടേ? ബഹുമാനപ്പെട്ട സ്പീക്കർ ഇവിടെ ഒരുപാട് തവണ റൂളിംഗ് നൽകി. മുഖ്യമന്ത്രി ഫ്ളോറിൽ ഉറപ്പ് നൽകി; എന്നിട്ടും ഇത് പാലിക്കുന്നില്ല. എന്നുള്ളതാണ് സത്യം. ഇന്ന് ആകെ ചോദിച്ച ചോദ്യങ്ങളുടെ പത്തിലൊന്നിനുപോലും മറുപടി നൽകിയില്ല എന്നുള്ളത് ഈ സഭയോട് കാണിക്കുന്ന അനാദരവാണ്. അതുകൊണ്ട് അങ്ങ് വ്യക്തമായ റൂളിംഗ് നൽകണം. റൂളിംഗ് കൊണ്ട് മാത്രം കാര്യമില്ല ആ റൂളിംഗിലെ കാര്യം നടപ്പാക്കണം.

ശ്രീ. കെ. പി. രാജേന്ദ്രൻ: സർ, ഞങ്ങൾ ഇക്കാര്യം ഈ സഭയിൽ പല പ്രാവശ്യം ഉന്നയിച്ചതാണ്. ആദ്യത്തെ ദിവസത്തെ ചോദ്യത്തിനുള്ള ഉത്തരംപോലും ഇതുവരെ കിട്ടിയിട്ടില്ല. നാളെ സമ്മേളനം പിരിയുകയാണ്. ആദ്യത്തെ ദിവസം മുഖ്യമന്ത്രി പറയേണ്ട മറുപടിപോലും ഇന്നേവരെ ലഭിച്ചിട്ടില്ല. ഞങ്ങൾ അതൊക്കെ കൃത്യമായി എഴുതി ചോദ്യം നമ്പർ സഹിതം ഇവിടെ ഹാജരാക്കാം. ഞാൻ ചോദിക്കട്ടെ വരൾച്ചാദുരിതാശ്വാസത്തിന് കേന്ദ്രത്തിൽനിന്ന് സഹായമായി കിട്ടിയ തുകയിൽ സ്റ്റേറ്റ് ഗവൺമെന്റ് എത്ര സംഖ്യ അർഹതപ്പെട്ടവർക്ക് കൊടുത്തു, അല്ലെങ്കിൽ അതിൽ എത്ര വിനിയോഗിച്ചു എന്നതിനെ സംബന്ധിച്ചുള്ള ചോദ്യത്തിനുപോലും മറുപടി തന്നിരിക്കുന്നത് 'വിവരം ശേഖരിച്ചു വരുന്നു' എന്നാണ്. 'വിവരം ശേഖരിച്ചു വരുന്നു' എന്നുപറഞ്ഞാൽ അത് മറുപടിയാകുമോ? ഞങ്ങൾക്ക് തന്ന പല മറുപടികളും 'വിവരം ശേഖരിച്ചുവരുന്നു' എന്നതാണ്. അത് മറുപടിയല്ല; പല ചോദ്യങ്ങൾക്കും ആ മറുപടിയുമില്ല. ചെയർ സഭയിൽ രണ്ട്, മൂന്ന് പ്രാവശ്യം ഇക്കാര്യം ചൂണ്ടിക്കാണിച്ചപ്പോൾ എന്റെ എല്ലാ ചോദ്യങ്ങൾക്കും ഞാൻ ഉത്തരം നൽകിക്കഴിഞ്ഞു എന്ന് മുഖ്യമന്ത്രി പറഞ്ഞു. പക്ഷെ ഈ ദിവസം വരെ ഞങ്ങൾക്ക് ആർക്കും ഒരു ചോദ്യത്തിനും ഉത്തരം കിട്ടിയിട്ടില്ല.

ശ്രീ. ബിനോയ് വിശ്വം: സർ, ഒരു വാചകം മാത്രം പറയാം, ചോദ്യോത്തരങ്ങളുടെ കാര്യമാണ് എനിക്ക് പറയാനുള്ളത്. ഒരു ചോദ്യം കൊടുത്താൽ ആദ്യം ഒരുത്തരം തരും. അതു കഴിഞ്ഞ് അത് തിരുത്തുന്നു; ആ ഉത്തരം വീണ്ടും തെറ്റുന്നു; അങ്ങനെ ആകപ്പാടെ ചോദ്യോത്തരവേളയെ തത്വത്തിൽ അവഹേളിക്കുകയാണ് ചെയ്യുന്നത്. ചെയർ ഇതിനെപ്പറ്റി പറയണം.

IX. റൂളിംഗ്

മി. ഡെപ്യൂട്ടി സ്പീക്കർ: ചോദ്യങ്ങളുടെ ഉത്തരങ്ങൾ അന്നന്നുതന്നെ അംഗങ്ങൾക്ക് ലഭ്യമാക്കാൻ ഗവൺമെന്റ് പ്രത്യേകം ശ്രദ്ധിക്കണം. ഗവൺമെന്റ് എന്നുപറഞ്ഞാൽ മന്ത്രിയാണ്.

LIBRARY ARCHIVES Kerala Legislative Assembly